കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്- എം.ആർ.എസുകളിലെയും പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെയും അന്തേവാസികളുടെ മെസ്സ് ചാർജ്ജ്, യൂണിഫോം, നൈറ്റ്ഡ്രസ് അലവൻസുകൾ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2128/2017/പജ.പവ.വിവ തിരുവനന്തപുരം, തീയതി: 19.08.2017**

==========================================================

പരാമർശം : - 1. 01.10.2013-ലെ സ.ഉ(എം.എസ്) നം.79/2013/പജപവവിവ നമ്പർ ഉത്തരവ്.
2. 11.06.2014-ലെ സ.ഉ(എം.എസ്) നം.38/2014/പജപവവിവ നമ്പർ ഉത്തരവ്.
3. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 03.11.2016 തീയതിയിലെ ഡി3-17176/16 നമ്പർ കത്ത്

## ഉത്തരവ്

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എം.ആർ.എസുകളിലെയും പ്രീ മെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെയും അന്തേവാസികളുടെ മെസ്സ് ചാർജ്ജ് യൂണിഫോം, നൈറ്റ്ഡ്രസ് അലവൻസുകളും മറ്റ് അലവൻസുകളും പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം വർദ്ധിപ്പിച്ചു നൽകിയിരുന്നു. പ്രസ്തുത അലവൻസുകൾ നിലവിലെ നിരക്കിൽ നിന്നും 50% വർദ്ധിപ്പിക്കണമെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എം.ആർ.എസുകളിലെയും പ്രീ മെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെയും അന്തേവാസികളുടെ മെസ്സ് ചാർജ്ജ് യൂണിഫോം, നൈറ്റ്ഡ്രസ് അലവൻസുകളും മറ്റ് അലവൻസുകളും ചുവടെ ചേർക്കും പ്രകാരം നിലവിലുള്ള നിരക്കിൽ നിന്നും 50% വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ഇനം | നിലവിലുള്ള നിരക്ക് | വർദ്ധിപ്പിച്ച നിരക്ക് (രൂപ) |
|---|---|---|---|
| 1 | മെസ്സ് ചാർജ്ജ് | പ്രീമെട്രിക് ഹോസ്റ്റലിലെയും മോഡൽ റസിഡൻഷ്യൽ സ്കൂളിലെയും എസ്.എസ്.എൽ.സി വരെ പഠിക്കുന്ന വിദ്യാർത്ഥിയ്ക്ക് 2000/-രൂപ | 3,000 |
| | | മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗം വിദ്യാർത്ഥിയ്ക്ക് 2,300/-രൂപ | 3,450 |

| | | | |
|---|---|---|---|
| | | പ്രീമെട്രിക് ഹോസ്റ്റലിൽ +2 വിന് പഠിക്കുന്ന വിദ്യാർത്ഥിയ്ക്ക് 2,300/-രൂപ | 3,450 |
| | | പോസ്റ്റ്മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥിയ്ക്ക് 2,300/-രൂപ | 3,450 |
| 2 | വസ്ത്രം | എൽ.പി വിദ്യാർത്ഥിയ്ക്ക് പ്രതിവർഷം 650/-രൂപ | 980 |
| | | യു.പി.വിദ്യാർത്ഥിയ്ക്ക് പ്രതിവർഷം 910/-രൂപ | 1370 |
| | | ഹൈസ്കൂൾ വിദ്യാർത്ഥിയ്ക്ക് പ്രതിവർഷം 1,040/-രൂപ | 1,560 |
| | | ഹയർ സെക്കണ്ടറി വിദ്യാർത്ഥിയ്ക്ക് പ്രതിവർഷം 1,040/-രൂപ | 1,560 |
| 3 | നോട്ട് ബുക്ക്/ സ്റ്റേഷനറി | എൽ.പി വിദ്യാർത്ഥിയ്ക്ക് പ്രതിവർഷം 260/-രൂപ | 390 |
| | | യു.പി.വിദ്യാർത്ഥിയ്ക്ക് പ്രതിവർഷം 260/-രൂപ | 390 |
| | | ഹൈസ്കൂൾ വിദ്യാർത്ഥിയ്ക്ക് പ്രതിവർഷം 390/-രൂപ | 590 |
| | | ഹയർ സെക്കണ്ടറി വിദ്യാർത്ഥിയ്ക്ക് പ്രതിവർഷം 520/-രൂപ | 780 |
| 4 | പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും | സ്ഥാപനമൊന്നിന് പ്രതിമാസം 520/-രൂപ | 780 |
| 5 | സോപ്പ്, എണ്ണ തുടങ്ങിയവ | ഒരു പെൺകുട്ടിക്ക് പ്രതിമാസം 97.5/-രൂപ | 150 |
| | | ഒരു ആൺകുട്ടിയ്ക്ക് പ്രതിമാസം 65/-രൂപ | 100 |
| 6 | തോർത്ത്, ചീപ്പ് | ഒരു കുട്ടിയ്ക്ക് പ്രതിമാസം 78/-രൂപ | 120 |
| 7 | ബസ് കൂലി | യഥാർത്ഥ ബസ് കൂലി 2 പ്രാവശ്യം | |
| 8 | കലാ കായിക ഉപകരണങ്ങൾ | Actual നിജസ്ഥിതി അനുസരിച്ച് വാങ്ങി നൽകേണ്ടതാണ്. | |
| 9 | മുടി വെട്ടുന്നതിന് | ഒരു ആൺകുട്ടിക്ക് പ്രതിമാസം 39/-രൂപ | 60 |
| 10 | ചികിത്സാ ചെലവ് | ഒരു സ്ഥാപനത്തിന് പ്രതിവർഷം 3,900/-രൂപ | 5,850 |
| 11 | ബെഡ്ഷീറ്റ് | Actual നിജസ്ഥിതി അനുസരിച്ച് വാങ്ങി നൽകേണ്ടതാണ്. | |
| 12 | ബാഗ് | ഒരു കുട്ടിയ്ക്ക് പ്രതിവർഷം 195/-രൂപ | 300 |
| 13 | ചെരുപ്പ് | പ്രതിവർഷം 195/-രൂപ | 300 |
| 14 | കുട | നിലവിലില്ല | 250 |
| 15 | നൈറ്റ് ഡ്രസ്സ് | എൽ.പി വിദ്യാർത്ഥിയ്ക്ക് പ്രതിവർഷം 520/-രൂപ | 780 |

| | | | |
|---|---|---|---|
| | | യു.പി.വിദ്യാർത്ഥിയ്ക്ക് പ്രതിവർഷം 650/-രൂപ | 980 |
| | | ഹൈസ്കൂൾ വിദ്യാർത്ഥിയ്ക്ക് പ്രതിവർഷം 780/-രൂപ | 1,170 |
| | | ഹയർ സെക്കണ്ടറി വിദ്യാർത്ഥിയ്ക്ക് പ്രതിവർഷം 910/-രൂപ | 1,370 |
| 16 | കമ്പിളി (വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിൽ മാത്രം) | ഒരു കുട്ടിയ്ക്ക് 780/-രൂപ (3 വർഷത്തിലൊരിക്കൽ) | 1,170 |

ഇതിലേയ്ക്കാവശ്യമായ തുക മോഡൽ റസിഡൻഷ്യൽ സ്കൂളിലേയ്ക്ക് 2225-02-277-49-34-other charges (Plan)എന്ന ശീർഷകത്തിൽ നിന്നും, പ്രീമെട്രിക് / പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലേത് 2225-02-277-94-Tribal Hostel -34 other charges (Plan) (Non Plan) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനകുമാരി.എസ്**
**ജോയിന്റ് സെക്രട്ടറി**

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (ww1/43/2017/Fin.)
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ